**13-ാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2426** — **23.01.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്**

# ഒറ്റപ്പാലത്ത് വ്യവസായ വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ഹംസ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്കായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) വ്യവസായ വളർച്ച മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂട്ടിക്കിടക്കുകയായിരുന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുകയുണ്ടായി ; വിശദാംശങ്ങൾ നൽകാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂട്ടിക്കിടക്കുകയായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളൊന്നും തുറന്നു പ്രവർത്തിപ്പിക്കുകയുണ്ടായില്ല. |
| (സി) 1/7/2006 മുതൽ 31/3/2011 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്ത് എത്ര വ്യവസായശാലകൾ ആരംഭിച്ചു ; | (സി) 01.07.2006 മുതൽ 31.3.2011 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ **9** യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത കാലയളവിൽ പൂട്ടിക്കിടക്കുകയായിരുന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിച്ചു ; വിശദമായ ലിസ്റ്റ് നൽകാമോ; | (ഡി) 01-07-2006 മുതൽ 31-3-2011 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പ്രവർത്തനമില്ലാതെ കിടന്നിരുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ |

പ്രവർത്തനക്ഷമമാക്കിയവയുടെ വിവരം ചുവടെ ചേർക്കുന്നു.

a. KSTCയുടെ അധീനതയിലുള്ള Malabar Spinning & Weaving Mills തുറന്നു പ്രവർത്തിച്ചു.

b. Trivandrum Spinning Mills Ltd ലെ സൗകര്യങ്ങൾ ഉപയോഗിച്ച് open end spinning Mill ആരംഭിച്ചിട്ടുണ്ട്.

c. Kerala Soaps & Oils Ltd യിലെ സൗകര്യങ്ങൾ ഉപയോഗിച്ച് ഒരു സോപ്പ് നിർമ്മാണ യൂണിറ്റ് KSIE-യുടെ അധീനതയിൽ പ്രവർത്തനം ആരംഭിച്ചു.

| | | | |
|---|---|---|---|
| (ഇ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിന്റെ വ്യവസായ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പ്രോജക്റ്റുകൾ നടപ്പിലാക്കി എന്ന് വിശദീകരിക്കാമോ ; | (ഇ) & (എഫ്) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടില്ല. |
| (എഫ്) | എത്ര തുകയുടെ വികസനമാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ ? | | |

Hanu

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

## വ്യവസായവളർച്ച മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ.

1. നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ നിന്നുള്ള ധനസഹായം വർദ്ധിപ്പിച്ചു. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ പദ്ധതികൾ നടപ്പിലാക്കാനുള്ള അധിക ധനസഹായമായി 15 കോടിരൂപ ഉൾപ്പടെ 2013-14 ൽ 182 കോടിരൂപ അനുവദിച്ചിട്ടുണ്ട്.
2. സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുള്ള സംവിധാനത്തിന്റെ ഭാഗമായി മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം ശക്തിപ്പെടുത്തുകയും, കണക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കി ആഡിറ്റുകൾ നടത്തുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.
3. പൊതുമേഖലാസ്ഥാപനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പു വരുത്തുന്നതിനുംകണക്കുകൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനുമായി എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതി പുരോഗമിക്കുന്നു.
4. പ്രവർത്തനം മോശമാകുന്ന സ്ഥാപനങ്ങളെ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും മന്ത്രി തലത്തിലും പ്രത്യേകമായ വിശദമായ അവലോകനം നടത്തി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നു
5. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയനുസരിച്ച് കേന്ദ്ര സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
6. ടെക്സ്റ്റൈൽ മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതി സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു.
7. വാണിജ്യ ഇടപാടുകൾക്കായി ഇലക്ട്രോണിക് പ്രൊക്യുർമെന്റ് സംവിധാനം നടപ്പിലാക്കികഴിഞ്ഞു. ഇ-പ്രൊക്യൂർമെന്റിന്റെ ഭാഗമായുള്ള **ഇ-പേയ്മെന്റ്** സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. E-portal വഴി ഉൽപന്നങ്ങളുടെ വിപണനത്തിനുവേണ്ടിയുള്ള പദ്ധതിയും ആവിഷ്ക്കരിച്ചുവരുന്നു. വാണിജ്യ ഇടപാടുകൾ സംബന്ധിച്ചുള്ള ഡോക്യുമെന്റുകളുടെ ഡിജിറ്റൈസേഷനും നടപ്പിലാക്കി വരുന്നു.
8. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് സുതാര്യമായ സംവിധാനം ഏർപ്പെടുത്തി.
9. മാനവ വിഭവ ശേഷി വർദ്ധിപ്പിക്കുന്നതിനായി നൂതന കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

Hanu

**സെക്ഷൻ ഓഫീസർ**